# സ്റ്റൈപന്റോടുകൂടിയ ചകിരിച്ചോറ് കമ്പോസ്റ്റ് പരിശീലനം -അപേക്ഷ ക്ഷണിക്കുന്നു!

## പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് സുവർണ്ണാവസരം!

സംസ്ഥാന പട്ടികജാതി വകുപ്പ് കയർവകുപ്പിന്റെ അനുബന്ധ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച്, സ്റ്റൈപന്റോടുകൂടിയ തൊഴിൽ നൈപുണ്യ പരിശീലനത്തിന് പട്ടികജാതി വനിതകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പരിശീലന സമയത്ത് സ്റ്റൈപന്റും തുടർന്ന് ഇന്റേൺഷിപ്പോടു കൂടിയുള്ള പരിശീലനവും ലഭിക്കുന്നതാണ്.

**പരിശീലനവിഷയം**

- ചകിരിച്ചോർ കമ്പോസ്റ്റ് നിർമ്മാണത്തിനുള്ള ദ്വിദിന പരിശീലനം

**പരിശീലനകേന്ദ്രം**

- തിരുവനന്തപുരം: കുടപ്പനക്കുന്നിലുള്ള NCRMI ആസ്ഥാനത്തിലെ കാമ്പസ്

**യോഗ്യത**

- കുറഞ്ഞത് 50% മാർക്ക് നേടി എട്ടാം ക്ലാസ് വിജയിച്ചിരിക്കണം
- പ്രായപരിധി 50 വയസ്സ്

**സ്റ്റൈപന്റ്ഃ**

- പ്രതിദിനം 300 രൂപ അടിസ്ഥാനത്തിൽ രണ്ട് ദിവസത്തേക്ക് 600 രൂപ സ്റ്റൈപന്റ് ലഭിക്കും.
- ഇതുകൂടാതെ പ്രവർത്തി ദിവസങ്ങളിൽ ഇന്റേൺഷിപ്പ് സ്റ്റൈപന്റായി പ്രതിദിനം 500 രൂപ ലഭിക്കും

**പരിശീലന കാലയളവും മറ്റ് വിവരങ്ങളും**

- പരിശീലനകാലയളവ് രണ്ട് ദിവസമാണ്
- 20 പേർ അടങ്ങുന്ന 8 ബാച്ചുകളായിട്ടാണ് പരിശീലിപ്പിക്കുന്നത്.
- 160 പേർക്കാണ് ചകിരിച്ചോർ കമ്പോസ്റ്റ് നിർമ്മാണത്തിൽ പരിശീലനം ലഭിക്കുന്നത്
- പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലന കാലയളവിൽ സൗജന്യ താമസ സൗകര്യവും, ഭക്ഷണവും, യാത്രബത്തയും ലഭ്യമാണ്

താൽപര്യമുള്ള അപേക്ഷകർ ചുവടെ നൽകിയിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**നമ്പർ : 0471 – 27 30 78 8**